# അവതാരിക

## അദ്ധ്യായം I
## അവതാരിക

### 1.1. ഈ റിപ്പോർട്ടിനെ കുറിച്ച്

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സി ആന്റ് എജി) ഈ റിപ്പോർട്ട്, തെരഞ്ഞെടുത്ത പരിപാടികളുടെയും പ്രവർത്തനങ്ങളുടെയും പ്രവർത്തനക്ഷമത ഓഡിറ്റ്, സർക്കാർ വകുപ്പുകളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുവർത്തന ഓഡിറ്റ് എന്നിവയിൽ നിന്നും ഉയർന്നുവന്ന കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

പരിപാടിയുടെ/പദ്ധതിയുടെ/വകുപ്പിന്റെ ലക്ഷ്യങ്ങൾ ആവശ്യാനുസൃതവും കാര്യക്ഷമവും ഫലപ്രദവുമായ രീതിയിൽ നേടിയിട്ടുണ്ടോ എന്ന് പ്രവർത്തനക്ഷമത ഓഡിറ്റിൽ പരിശോധിക്കുന്നു. മറ്റൊരു വശത്ത്, ഇന്ത്യയുടെ ഭരണഘടനാ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, ഉത്തരവാദപ്പെട്ട അധികാരികൾ ഇറക്കിയ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുന്നതിനു വേണ്ടി ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ചെലവുമായി ബന്ധപ്പെട്ട ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റ് പരാമർശിക്കുന്നത്.

ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയെന്നുള്ളതാകുന്നു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഭരണാധികാരികൾക്ക് തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും, സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും പൊതുനിർദ്ദേശങ്ങളും ഉണ്ടാക്കുന്നതിനും സഹായകമാവുകയും അങ്ങനെ നല്ല ഭരണക്രമത്തിന് വഴിതെളിയിക്കുകയും ചെയ്യുന്നു.

ഈ അദ്ധ്യായം, ഓഡിറ്റിന്റെ ആസൂത്രണവും, വ്യാപ്തിയും വിവരിക്കുന്നതോടൊപ്പം തെരഞ്ഞെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിലുള്ള സുപ്രധാന പോരായ്മകളുടെയും നേട്ടങ്ങളുടെയും സംഗ്രഹം, പ്രവർത്തനക്ഷമത ഓഡിറ്റും അനുവർത്തന ഓഡിറ്റും നടത്തുമ്പോൾ ഉണ്ടായ സുപ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ, മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികൾ എന്നിവയെക്കുറിച്ചും പ്രതിപാദിക്കുന്നു.

### 1.2. ഓഡിറ്റിന്റെ അധികാരപരിധിയിൽ വരുന്ന യൂണിറ്റുകളുടെ രൂപരേഖ

സംസ്ഥാനത്ത് 2017-18-ൽ സെക്രട്ടേറിയറ്റ് തലത്തിൽ 44 വകുപ്പുകളുണ്ട്. സെക്രട്ടേറിയറ്റ് തലത്തിലുള്ള 31 വകുപ്പുകൾ, അതിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (ജനറൽ ആന്റ് സോഷ്യൽ സെക്ടർ ഓഡിറ്റ്), കേരള (എജി (ജി ആന്റ് എസ്എസ്എ)) നടത്തുന്നു. വകുപ്പുകൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ നേതൃത്വം നൽകുന്നു. അവരുടെ കീഴിൽ അവരെ സഹായിക്കുന്നതിനായി ഡയറക്ടർമാരും, കമ്മീഷണർമാരും, സഹഉദ്യോഗസ്ഥരുമുണ്ട്. 19 വകുപ്പുകൾ[1] അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് ആന്റ് റവന്യൂ സെക്ടർ ഓഡിറ്റ്), കേരള (എജി (ഇ ആന്റ് ആർഎസ്എ)) ഓഡിറ്റ് നടത്തുന്നു.

2017-18 കാലയളവിലും അതിനു മുമ്പുള്ള രണ്ടു വർഷങ്ങളിലും സർക്കാർ നടത്തിയ ചെലവുകളുടെ താരതമ്യപഠനം **പട്ടിക 1.1**-ൽ കൊടുത്തിരിക്കുന്നു.

---

[1] എജി (ഇ ആന്റ് ആർഎസ്എ) ഓഡിറ്റ് നടത്തുന്ന ധനകാര്യം, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, ആസൂത്രണ സാമ്പത്തിക കാര്യം, പൊതുമരാമത്ത്, റവന്യൂ, ജലവിഭവം, എന്നീ ആറ് വകുപ്പുകൾ എജി (ജി ആന്റ് എസ്എസ്എ) കൂടി ഓഡിറ്റ് നടത്തുന്നു.

**പട്ടിക 1.1: ചെലവിന്റെ താരതമ്യ പഠനം**

*(₹കോടിയിൽ)*

| ചെലവുകൾ | 2015-16 | | | 2016-17 | | | 2017-18 | | |
|---|---|---|---|---|---|---|---|---|---|
| | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ | പദ്ധതി | പദ്ധതിയേതരം | ആകെ |
| **റവന്യൂ ചെലവുകൾ** | | | | | | | | | |
| പൊതു സേവനങ്ങൾ | 116.98 | 35967.70 | 36084.68 | 181.39 | 41013.94 | 41195.33 | 418.30 | 45105.47 | 45523.77 |
| സാമൂഹിക സേവനങ്ങൾ | 7591.56 | 20011.73 | 27603.29 | 9773.34 | 23991.38 | 33764.72 | 12425.84 | 23450.43 | 35876.27 |
| സാമ്പത്തിക സേവനങ്ങൾ | 4369.95 | 6728.47 | 11098.42 | 3537.62 | 7117.73 | 10655.35 | 3337.60 | 8013.48 | 11351.08 |
| ധനസഹായങ്ങളും സംഭാവനകളും | - | 3903.08 | 3903.08 | - | 5480.91 | 5480.91 | - | 7197.23 | 7197.23 |
| **ആകെ** | **12078.49** | **66610.98** | **78689.47** | **13492.35** | **77603.96** | **91096.31** | **16181.74** | **83766.61** | **99948.35** |
| **മൂലധന ചെലവുകൾ** | | | | | | | | | |
| മൂലധന ചെലവുകൾ | 6518.48 | 981.56 | 7500.04 | 8945.65 | 1180.30 | 10125.95 | 7993.68 | 755.19 | 8748.87 |
| കടവും മുൻകൂറും നൽകിയത് | 407.61 | 434.64 | 842.25 | 375.25 | 785.04 | 1160.29 | 1380.82 | 159.77 | 1540.59 |
| പൊതുകടം തിരിച്ചടച്ചത് | - | - | 6060.73 | - | - | 7706.01 | - | - | 13132.10 |
| ആകസ്മിക നിധി | - | - | 0.00 | - | - | 0.00 | - | - | 0.00 |
| പൊതുകണക്കിൽ നിന്നുള്ള കൊടുക്കലുകൾ | - | - | 162824.67 | - | - | 179910.43 | - | - | 207174.17 |
| **ആകെ** | | | **177227.69** | | | **198902.68** | | | **230595.73** |
| **മൊത്തം** | | | **255917.16** | | | **289998.99** | | | **330544.08** |

## 1.3. ഓഡിറ്റു ചെയ്യുന്നതിനുള്ള അധികാരം

സി ആന്റ് എജിയ്ക്ക് ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 149 ഉം 151 ഉം അനുസരിച്ചും, 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) (സി ആന്റ് എജിയുടെ (ഡിപിസി) നിയമം) നിയമവുമനുസരിച്ചാണ്. കേരള സർക്കാരിന്റെ വകുപ്പുകളിലെ ചെലവുകളുടെ ഓഡിറ്റ് സി ആന്റ് ഏജി നടത്തുന്നത് സി ആന്റ് എജിയുടെ (ഡിപിസി) നിയമത്തിലെ 13-ാം വിഭാഗത്തിന്റെ കീഴിലാണ്. 24 സ്വയംഭരണ സ്ഥാപങ്ങളുടെ ഏക ഓഡിറ്റർ സി ആന്റ് എജിയാകുന്നു. ഇത് സി ആന്റ് ഏജിയുടെ (ഡിപിസി) നിയമത്തിലെ 19, 20(1) വിഭാഗത്തിന്റെ കീഴിലാകുന്നു. ഇതുകൂടാതെ, സർക്കാർ ഗണ്യമായി സാമ്പത്തികസഹായം നൽകുന്ന 241 മറ്റു സ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഡിറ്റ് സി ആന്റ് ഏജിയുടെ (ഡിപിസി) നിയമത്തിലെ 14-ഉം 15-ഉം വിഭാഗത്തിന്റെ കീഴിൽ സി ആന്റ് എജി നടത്തുന്നു. ഇതു കൂടാതെ 1,158 വിദ്യാഭ്യാസ സ്ഥാപനങ്ങളും [2], 29 പൊതുമേഖലാ സ്ഥാപനങ്ങളും, പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് ഡിവിഷൻ, 1,200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ [3] എന്നിവ ജനറൽ ആന്റ് സോഷ്യൽ സെക്ടറിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നവയാണ്. വിവിധ ഓഡിറ്റുകളുടെ തത്ത്വങ്ങളും രീതികളും സി ആന്റ് ഏജി പുറത്തിറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് ആന്റ് ദ റഗുലേഷൻസ് ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ്, 2007-ൽ നിഷ്കർഷിച്ചിരിക്കുന്നു.

---

[2] സർക്കാർ-എയ്ഡഡ് കോളേജുകൾ: 184
സർക്കാർ-എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾ: 846
സർക്കാർ-എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ: 128

[3] ഗ്രാമപഞ്ചായത്തുകൾ: 941, ബ്ളോക്ക് പഞ്ചായത്തുകൾ: 152, ജില്ലാ പഞ്ചായത്തുകൾ: 14, മുനിസിപ്പൽ കോർപ്പറേഷനുകൾ: 6, മുനിസിപ്പാലിറ്റികൾ: 87.

## 1.4. അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്എസ്എ)യുടെ ഓഫീസിന്റെ ഘടനാനില

സി ആന്റ് എജിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനമൊട്ടാകെ വ്യാപിച്ചു കിടക്കുന്ന ജനറൽ, സോഷ്യൽ എന്നീ സെക്ടറുകളുടെ കീഴിലുള്ള സർക്കാർ വകുപ്പുകൾ, ഓഫീസുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് കേരളത്തിലെ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്എസ്എ) നടത്തുന്നു. എജി (ജി ആന്റ് എസ്എസ്എ)യെ നാലു ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽമാർ സഹായിക്കുന്നു.

## 1.5. ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

വകുപ്പുകൾ നേരിട്ട ചെലവ്, പ്രവർത്തനങ്ങളുടെ സങ്കീർണ്ണത/നിർണ്ണായകാവസ്ഥ, സാമ്പത്തിക അധികാരങ്ങൾ വിവിധ തലങ്ങളിൽ ഏല്പിച്ചുകൊടുത്തത്, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണത്തെക്കുറിച്ചുള്ള വിലയിരുത്തൽ, സ്റ്റേക്ക് ഹോൾഡർമാരുടെ ആശങ്ക എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ നേരിടുന്ന അപകടസാദ്ധ്യതകൾ വിലയിരുത്തിയാണ് ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നത്. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. ഈ അപകടസാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ ആവർത്തിയും, ദൈർഘ്യവും തീരുമാനിക്കുന്നു.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയതിനു ശേഷം ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്ന പരിശോധനാ റിപ്പോർട്ടുകൾ ഓഫീസ്/വകുപ്പു തലവൻമാർക്ക് നൽകുന്നു. വകുപ്പുകൾ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് കണ്ടെത്തലുകൾക്ക് മറുപടി നൽകേണ്ടതാകുന്നു. മറുപടികൾ ലഭിക്കുന്ന സമയത്ത് ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ നിയമം അനുസരിക്കുന്നതിന് തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്നും ഉയർന്നുവരുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കുകയും, അവ ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 151 പ്രകാരം നിയമസഭയിൽ വയ്ക്കുന്നതിന് സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

എജി (ജി ആന്റ് എസ്എസ്എ)യുടെ കീഴിൽ വരുന്ന വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങളിലെ 1,281 യൂണിറ്റുകളിൽ ഓഡിറ്റു നടത്തുന്നതിന് (പ്രവർത്തനക്ഷമത, അനുവർത്തന, സാമ്പത്തിക ഓഡിറ്റുകൾ) 2017-18 കാലയളവിൽ 13,573 പാർട്ടി ദിവസങ്ങൾ വിനിയോഗിച്ചു. ഞങ്ങളുടെ അപകടസാദ്ധ്യതാ വിലയിരുത്തലിൽ കണ്ട പ്രബലമായ നഷ്ടം സംഭവിക്കുന്നതിന് സാധ്യതയുള്ള യൂണിറ്റുകളും/സ്ഥാപനങ്ങളും ഓഡിറ്റിന്റെ ആസൂത്രണത്തിൽ ഉൾപ്പെടുത്തി.

## 1.6. പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

### 1.6.1. പ്രോഗ്രാമുകൾ/പ്രവർത്തനങ്ങൾ/വകുപ്പുകൾ എന്നിവയുടെ പ്രവർത്തനക്ഷമത ഓഡിറ്റ്

അദ്ധ്യായം II ൽ 'പോലീസ് സേനയുടെ നവീകരണവും ശക്തിപ്പെടുത്തലും' എന്നതിന്റെ പ്രവർത്തനക്ഷമത ഓഡിറ്റും, അദ്ധ്യായം III ൽ 'കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം' എന്നതിന്റെ പ്രവർത്തനക്ഷമത ഓഡിറ്റും, ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസക്തഭാഗങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

### 1.6.1.1. പോലീസ് സേനയുടെ നവീകരണവും ശക്തിപ്പെടുത്തലും

കേന്ദ്രസർക്കാർ പദ്ധതിയായ 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ്' (എംഒപിഎഫ്) അഥവാ പോലീസ് സേനകളുടെ നവീകരണം ലക്ഷ്യമിട്ടത്, സംസ്ഥാനത്തെ ആഭ്യന്തര സുരക്ഷാ അന്തരീക്ഷം, തീവ്രവാദികളുടെ പ്രവർത്തനങ്ങൾ, ക്രമസമാധാന സാഹചര്യം എന്നീ വെല്ലുവിളികളെ നേരിടാൻ സജ്ജമാകുന്ന തരത്തിൽ സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും പ്രഹരശേഷിയും വർദ്ധിപ്പിക്കാനായിരുന്നു. ചലനാത്മകത, ആയുധശേഖരം, നിർമ്മാണം, ആശയവിനിമയത്തിനും നിരീക്ഷണത്തിനും ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കും പരിശീലനത്തിനും ഉള്ള ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയവയായിരുന്നു പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. സംസ്ഥാനത്തെ പോലീസ് സേനയുടെ നവീകരണത്തിന്റെ സ്ഥിതി വിലയിരുത്തുന്നതിനാണ് പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തിയത്.

തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും ഉപയോഗയോഗ്യമായ കാർട്രിഡ്ജുകളുടെയും കുറവ് കണ്ടെത്തി. പോലീസ് സേന അനലോഗ് സംപ്രേഷണ ഉപകരണങ്ങളെ ആശ്രയിക്കുന്നത് പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലെ നിബിഡ വനങ്ങളിൽ നടത്തുന്ന മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. സ്പെക്ട്രം ചാർജ്ജുകൾ യഥാസമയത്ത് അടയ്ക്കുന്നതിലും ഡിജിറ്റൽ മൊബൈൽ റേഡിയോ കരസ്ഥമാക്കാൻ കേന്ദ്രസർക്കാരിൽ നിന്ന് ലൈസൻസ് എടുക്കുന്നതിലും കേരളസർക്കാർ പരാജയപ്പെട്ടു. ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ, കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 2013-18 കാലയളവിൽ തീർപ്പാക്കാത്ത കേസുകളുടെ എണ്ണം 9,265 ആയി ഉയർന്നു. അതിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 302, 307, 376 എന്നീ വകുപ്പുകൾക്കു കീഴിലും പോക്സോ നിയമം 2012, എസ്സി ആന്റ് എസ്റ്റി (അതിക്രമം തടയൽ) നിയമം എന്നീ നിയമങ്ങൾക്കു കീഴിലും കുറ്റം ചാർത്തപ്പെട്ട വളരെ ഗൗരവതരമായ കുറ്റകൃത്യങ്ങളായ 1755 കേസുകളും (19 ശതമാനം) ഉൾപ്പെട്ടിരുന്നു. കാറുകൾ വാങ്ങുന്നത് നിരോധിച്ചിരുന്ന എംഒപിഎഫ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളെ 2013-18 കാലയളവിൽ പോലീസ് വകുപ്പ് ലംഘിച്ചു. പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനു പകരം, പോലീസ് വകുപ്പ് വാങ്ങിയ 269 ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ 15 ശതമാനവും ഉന്നത ഉദ്യോഗസ്ഥരുടെയും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഓപ്പറേഷണൽ യൂണിറ്റുകളായി കണക്കാക്കാത്ത സിബിസിഐഡി തുടങ്ങിയവയുടെയും ഉപയോഗത്തിനായി വിന്യസിക്കപ്പെട്ട ആഡംബരകാറുകളായിരുന്നു. ഉപകരണങ്ങൾ വാങ്ങുന്നതിൽ സ്റ്റോഴ്സ് പർച്ചേസ് മാനുവലും സിവിസി മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് വകുപ്പ് ലംഘിച്ചു. സംസ്ഥാന പോലീസ് മേധാവി (എസ്പിസി), അപ്പർ സബോർഡിനേറ്റ് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണത്തിനുള്ള ₹2.81 കോടി എസ്പിസിയ്ക്കും/എഡിജിപിമാർക്കും വില്ലകൾ നിർമ്മിക്കുന്നതിനായി വകമാറ്റി.

***(അദ്ധ്യായം II)***

### 1.6.1.2. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിയമം, 1971-ലെ വ്യവസ്ഥകൾ അനുസരിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെഎസ്എച്ച്ബി) 1971-ൽ രൂപീകരിക്കപ്പെട്ടു. സംസ്ഥാനത്തെ മുഴുവൻ ഭവന നിർമ്മാണ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിലും ഏകോപിപ്പിക്കുന്നതിലും ഒരു നോഡൽ റോളാണ് കെഎസ്എച്ച്ബിയ്ക്ക് നിയമം വിഭാവനം ചെയ്തിരുന്നത്. 2013-18 കാലയളവിലെ കെഎസ്എച്ച്ബിയുടെ വിവിധ പ്രവർത്തനങ്ങളുടെ നിർവഹണവും അതിന്റെ നടത്തിപ്പും വിലയിരുത്തുവാനായി ഒരു പ്രവർത്തനക്ഷമത ഓഡിറ്റ് നടത്തുകയുണ്ടായി. ഈ പ്രവർത്തനക്ഷമത ഓഡിറ്റ് ചുവടെ കൊടുത്തിരിക്കുന്നവ വെളിപ്പെടുത്തി.

തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത, പ്രോജക്ടുകളുടെ സാമ്പത്തിക ക്ഷമത, പ്രോജക്ടുകൾക്കുള്ള ധനസഹായ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാതെ പദ്ധതികൾക്ക് കെഎസ്എച്ച്ബി കേരളസർക്കാരിൽ നിന്നും അംഗീകാരം തേടിയത് പദ്ധതികളുടെ നിർവഹണം പരാജയപ്പെടാൻ കാരണമായി. സംസ്ഥാനത്ത് 1998–99 മുതൽ 2016–17 വരെ കാലയളവിൽ അംഗീകാരം നൽകിയ 18 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ 2013–14 വരെ അനുമതി നൽകിയ 11 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കി. 2014–15 മുതൽ അനുമതി നൽകിയ ആറെണ്ണത്തിന്റെ പ്രവൃത്തികൾ ഇനിയും തുടങ്ങണമെന്നിരിക്കെ ഒരെണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. സാമ്പത്തികമായി ദുർബലവിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് ഫ്ളാറ്റുകൾ നൽകുന്ന സാഫല്യം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 1,032 ഭവന യൂണിറ്റുകളിൽ 72 എണ്ണമേ (ഏഴ് ശതമാനം) കെഎസ്എച്ച്ബിയ്ക്ക് 2012–18 കാലഘട്ടത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ. 2014–15 കാലയളവിൽ ഘട്ടം II–ൽ തുടങ്ങിയ 24 ഭവന യൂണിറ്റുകളും പൂർത്തിയാകാതിരിക്കുന്നു. നിർമ്മാണ ചെലവ് നിർദ്ദിഷ്ട നിരക്കിൽ പരിമിതപ്പെടുത്താനായി കെഎസ്എച്ച്ബി പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയും ചെയ്തു. നഗരങ്ങളിലെ പാവപ്പെട്ട തൊഴിലാളികൾക്ക് താമസയോഗ്യമായ ഫ്ളാറ്റുകൾ നൽകുവാൻ ലക്ഷ്യമിട്ടിരുന്ന ഇന്നൊവേറ്റീവ് വാടക വീട് പദ്ധതിയിലെ ഫ്ളാറ്റുകൾ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ചു കൊടുത്തു. കെഎസ്എച്ച്ബിയിലെ സാമ്പത്തിക നിർവഹണം ന്യൂനതയുള്ളതായിരുന്നു. സാമ്പത്തിക പ്രസ്താവനകളിൽ വസ്തുതാപരമായ തെറ്റുകൾ അടങ്ങിയിട്ടുള്ളത് കാരണം സർക്കാർ ഉൾപ്പെടെയുള്ള ഉപയോക്താക്കൾക്ക് അവ ഉപയോഗിക്കാൻ അനുയോജ്യമല്ലാതായി.

***(അദ്ധ്യായം III)***

### 1.6.2. അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

ഇടപാടുകളുടെ ഓഡിറ്റിനു പുറമെ, അപകട സാദ്ധ്യതകളും വിഷയത്തിന്റെ പ്രാധാന്യവും അടിസ്ഥാനമാക്കി, ചില പ്രധാന അനുവർത്തന വിഷയങ്ങളെ ഓഡിറ്റ് തെരഞ്ഞെടുത്തു. ഇത്തരം ഓഡിറ്റിൽ കണ്ടെത്തിയ പ്രധാനപ്പെട്ട ന്യൂനതകൾ താഴെപ്പറയുന്ന ഖണ്ഡികകളിൽ വിശദമാക്കുന്നു.

#### *1.6.2.1. സർക്കാർ വ്യവസായിക പരിശീലന സ്ഥാപനങ്ങളുടെ ആധുനികവത്കരണവും നവീകരണവും*

ആഭ്യന്തര വ്യവസായത്തിനായുള്ള വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ തൊഴിലാളികളുടെ സ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിനും രാജ്യത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് ആവശ്യമായ നിപുണരായ മാനവവിഭവശേഷി ലഭ്യമാക്കുന്നതിനുമായി വിവിധ വൊക്കേഷണൽ ട്രേഡുകളിൽ നൈപുണ്യം നൽകുന്നതിന് സംസ്ഥാനങ്ങളിൽ വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ (ഐടിഐ) സ്ഥാപിച്ചുകൊണ്ട് 1950–ൽ കേന്ദ്രസർക്കാർ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സ്കീം ആരംഭിച്ചു. സംസ്ഥാനങ്ങളിലെ ഐടിഐകളുടെ ദൈനംദിന ഭരണം 1956–ൽ സംസ്ഥാന സർക്കാരുകൾക്ക് കൈമാറിയപ്പോൾ, ഐടിഐകളുടെ സാമ്പത്തിക നിയന്ത്രണം 1969 ഏപ്രിലിൽ സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് മാനദണ്ഡങ്ങൾ കൈവരിക്കാൻ ഐടിഐകളെ പ്രാപ്തരാക്കാൻ വേണ്ടി ഐടിഐകളുടെ ആധുനിക വത്കരണത്തിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ബജറ്റ് വിഹിതം നൽകുക, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുക, പണിയായുധങ്ങൾ ഉപകരണങ്ങൾ എന്നിവ സംഭരിക്കുക തുടങ്ങിയതിന് വാർഷിക ധനസഹായം കേരളസർക്കാർ (ജിഒകെ) പരിശീലന ഡയറക്ടറേറ്റിന് നൽകി. സെന്റർ ഓഫ് എക്സലൻസ് (സിഒഇ) ആയി നവീകരിക്കുന്നതിന് 38 ഐടിഐകളെ കേന്ദ്രസർക്കാർ തെരഞ്ഞെടുത്തു. 2018 മാർച്ച് 31 വരെ സംസ്ഥാനത്ത് 137 സർക്കാർ ഐടിഐകളും 486 സ്വകാര്യ ഐടിഐകളും ഉണ്ടായിരുന്നു. 137 സർക്കാർ ഐടിഐകളിൽ വനിതകൾക്ക്

വേണ്ടിയുള്ള 14 ഐടിഐകൾ ഉൾപ്പെടെയുള്ള 91 ഐടിഐകളും വ്യവസായ പരിശീലന വകുപ്പിന്റെ (ഐടിഡി) നിയന്ത്രണത്തിലായിരുന്നു. കൂടാതെ, പട്ടികജാതി വികസനവകുപ്പിന്റെ (എസ്സിഡിഡി) കീഴിൽ 44 ഐടിഐകളും പട്ടികവർഗ്ഗവികസന വകുപ്പിന്റെ (എസ്ടിഡിഡി) കീഴിൽ രണ്ട് ഐടിഐകളുമാണ് ഉള്ളത്.

ലാക്ഷണിക പരിശോധന നടത്തിയ 32 ഐടിഐകൾ ഒന്നും തന്നെ നിശ്ചിത എൻസിവിടി ആവശ്യകതകൾ പാലിക്കുന്നില്ല. എൻസിവിടിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐടിഐകളിൽ പോലും ആവശ്യമായ സൗകര്യങ്ങൾ ഇല്ലായിരുന്നു. എസ്ടിഡിഡിക്ക് കീഴിലുള്ള ഐടിഐകൾ നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട ഫലങ്ങൾ സൃഷ്ടിക്കുന്നതിന് ശക്തിപ്പെടുത്തേണ്ടതുണ്ട്. സെന്റേഴ്സ് ഓഫ് എക്സലൻസായി നവീകരിക്കാൻ തെരഞ്ഞെടുക്കപ്പെട്ട ആറ് ഐടിഐകൾ ഉൾപ്പെടെയുള്ള ഐടിഐകളിൽ പണിയായുധങ്ങളുടെയും ഉപകരണങ്ങളുടെയും കുറവുള്ളതായി കണ്ടെത്തി. സിവിൽ ജോലികൾ നടപ്പിലാക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയും ആസ്തികൾ നിഷ്ക്രിയമാക്കുന്നതും കാരണം ഐടിഐകളുടെ നവീകരണം തടസ്സപ്പെട്ടു. ഐടിഐ കോഴ്സുകൾക്ക് ആവശ്യക്കാർ കൂടുകയും അവയ്ക്കുള്ള ജോലി സാദ്ധ്യത വർദ്ധിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, കേന്ദ്രസർക്കാർ വിഭാവനം ചെയ്തതുപോലെ ഐടിഐകളുടെ ആധുനികവത്കരണവും നവീകരണവും കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. തൊഴിലവസരങ്ങൾ കരസ്ഥമാക്കാൻ മെച്ചപ്പെട്ട രീതിയിൽ ട്രെയിനികളെ പ്രാപ്തരാക്കുന്നത് ഉറപ്പാക്കാനായി സംസ്ഥാനത്തെ ഐടിഐകൾ ആധുനികവൽക്കരിക്കാനും നവീകരിക്കാനും വേണ്ടി കണ്ടെത്തിയ പോരായ്മകൾ നികത്തണം.

***(ഖണ്ഡിക 4.1)***

### *1.6.2.2. മേൽനോട്ടം/ഭരണനിയന്ത്രണത്തിന്റെ പരാജയം*

ആരോഗ്യം, വിദ്യാഭ്യാസം, വികസനം, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, പൊതുസേവനങ്ങൾ എന്നീ മേഖലകളിൽ ചില ലക്ഷ്യങ്ങൾ സഫലമാക്കാനുള്ള പ്രവർത്തനങ്ങൾ വഴി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക എന്നത് സർക്കാരിന്റെ കടമയാണ്. എങ്കിലും സമൂഹത്തിനുവേണ്ടി പൊതു ആസ്തികൾ നിർമ്മിക്കുന്നതിനായി സർക്കാർ മുടക്കിയ ധനം വിവിധ തലങ്ങളിലെ തീരുമാനങ്ങൾ എടുക്കുന്നതിലെ അനിശ്ചിതത്വവും, മേൽനോട്ടമില്ലായ്മയും, ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും കാരണം ഉപയോഗിക്കാതിരിക്കുകയോ/തടയപ്പെട്ടുകിടക്കുകയോ/പ്രയോജനക്ഷമമല്ലാതെ കിടക്കുകയോ ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ ഓഡിറ്റിൽ കണ്ടു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- നിയമസംഹിതകൾ പാലിക്കാതിരുന്നത് ലീഗൽ മെട്രോളജി, നെയ്യാറ്റിൻകര, സർക്കിൾ 2-ലെ ഇൻസ്പെക്ടർക്ക് ₹28,202-ന്റെ ദുർവിനിയോഗത്തിന് സൗകര്യമൊരുക്കി.

***(ഖണ്ഡിക 4.2)***

- എൻജിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള ധനസമാഹരണത്തിന്റെ രീതി ശരിയായി നിർണ്ണയിക്കുന്നതിൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് വന്ന വീഴ്ച, കുറഞ്ഞത് ₹8.91 കോടിയുടെ ഒഴിവാക്കാമായിരുന്ന നിഷ്ഫലമായ ചെലവിനു കാരണമായി.

***(ഖണ്ഡിക 4.3)***

- മത്സ്യഫെഡ് സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതും മറൈൻ ഡീസൽ എൻജിനുകളുടെ സംഭരണത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താത്തതും നിലവിലുള്ള മണ്ണെണ്ണ എൻജിനുകൾക്ക് ഫലപ്രദമായ ബദൽ

കണ്ടെത്തുന്നതിലുണ്ടായ പരാജയവും ₹1.29 കോടിയുടെ നിഷ്ഫലമായ ചെലവിനിടയാക്കി.

***(ഖണ്ഡിക 4.4)***

- പരീക്ഷാഭവന്റെ ആറു നില കെട്ടിടത്തിൽ അധികമായി ഒരു താൽക്കാലിക നില നിർമ്മിക്കാനുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിവേകശൂന്യമായ തീരുമാനവും കെട്ടിടത്തിന്റെ ഘടനാപരമായ ഭദ്രത ശരിയായ രീതിയിൽ നിർണ്ണയിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിനുണ്ടായ വീഴ്ചയും നിർമ്മിതി ഭാഗികമായി തകരുന്നതിനും തൽഫലമായി ₹2.35 കോടിയുടെ നിഷ്ഫലമായ ചെലവിനും ഇടയായി.

***(ഖണ്ഡിക 4.5)***

- കേരളസർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾക്ക് വിധേയമാകാതെ കേരള വാട്ടർ അതോറിറ്റി ഒരു ശുദ്ധജലവിതരണ പദ്ധതിയ്ക്കുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചു. പ്രവൃത്തി നിർത്തിവച്ചതിനാൽ കൊല്ലം ശുദ്ധജലവിതരണ പദ്ധതിയ്ക്ക് ഒരു ബദൽ ജലസ്രോതസ്സ് കണ്ടെത്താൻ കഴിയാതെ വരികയും തന്മൂലം ₹8.50 കോടിയുടെ നിഷ്ഫലമായ ചെലവ് ഉണ്ടാവുകയും ചെയ്തു.

***(ഖണ്ഡിക 4.6)***

## 1.7. ഓഡിറ്റിനോടുള്ള സർക്കാരിന്റെ പ്രതികരണമില്ലായ്മ

### 1.7.1. തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന ന്യൂനതകൾ, വീഴ്ചകൾ എന്നിവയുടെ ബാദ്ധ്യത ഉറപ്പാക്കുക, നിർദ്ദിഷ്ട ചട്ടങ്ങൾക്കും, നടപടിക്രമങ്ങൾക്കും അനുസൃതമായി തിരുത്തൽ നടപടികൾ എടുക്കുക തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അക്കൗണ്ടന്റ് ജനറൽ നൽകുന്ന പരിശോധനാ റിപ്പോർട്ടുകൾക്ക് (ഐആർ) അധികാരികൾ സത്വരമായ പ്രതികരണം നൽകണമെന്ന് സംസ്ഥാന സർക്കാർ 2017-ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും/ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയത്തുള്ള നടപടിയെടുക്കൽ എന്നീ നിർദ്ദേശങ്ങളുടെ ഹാൻഡ് ബുക്ക് വ്യവസ്ഥ ചെയ്യുന്നു. ഐആർ ലഭിച്ച് നാലാഴ്ചയ്ക്കുള്ളിൽ ഓഫീസ് തലവൻമാരും തൊട്ടടുത്ത ഉയർന്ന അധികാരികളും ഐആറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പാലിക്കുകയും, പോരായ്മകളും വീഴ്ചകളും പരിഹരിക്കുകയും അവയുടെ അനുവർത്തനം സത്വരമായി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതുമാണ്. തീർപ്പാകാത്ത ഐആറുകളെ കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ ഓഡിറ്റ് നിരീക്ഷണങ്ങളുടെ മേൽനോട്ടത്തിനുള്ള സൗകര്യത്തിനായി വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കാറുണ്ട്.

2018 ജൂൺ 30 വരെ സാംസ്കാരികകാര്യം, പൊതുവിദ്യാഭ്യാസം, റവന്യൂ, സാമൂഹ്യ നീതി എന്നീ വകുപ്പുകളിലായി 1,982 ഐആറുകൾ (7,809 ഖണ്ഡികകൾ) തീർപ്പാക്കാൻ ബാക്കി നിൽക്കുന്നു. 2017-18 വരെ പുറപ്പെടുവിച്ച 117 ഐആറുകളിലെ 779 ഖണ്ഡികകൾക്ക് ഈ വകുപ്പുകളിൽ നിന്നും ആദ്യ മറുപടിപോലും ലഭിച്ചില്ലെന്ന് വെളിപ്പെട്ടു. തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1.1**-ൽ വിവരിച്ചിരിക്കുന്നു.

### 1.7.2. ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

ആറാഴ്ചകൾക്കകം പ്രതികരണം അറിയിക്കുന്നതിനായി 2018 ആഗസ്റ്റിനും 2019 ജനുവരിക്കുമിടയിൽ പ്രവർത്തനക്ഷമത/അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ ബന്ധപ്പെട്ട വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും അയച്ചുകൊടുത്തു. ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ച എല്ലാ പ്രവർത്തനക്ഷമത ഓഡിറ്റ് ഖണ്ഡികകൾക്കും, എല്ലാ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾക്കും സർക്കാരിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ ഉചിതമായ രീതിയിൽ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

### 1.7.3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള തുടർനടപടി

സംസ്ഥാന സർക്കാർ 2017 ൽ പുറത്തിറക്കിയ ഓഡിറ്റ് നിരീക്ഷണങ്ങളുടെയും, ഐആറുകളുടെയും പെട്ടെന്നുള്ള തീർപ്പാക്കൽ/ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയത്തുള്ള നടപടിയെടുക്കൽ, എന്നീ നിർദ്ദേശങ്ങളുടെ ഹാൻഡ് ബുക്ക് അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഓഡിറ്റ് ഖണ്ഡികകളുടെ മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചശേഷം രണ്ടു മാസത്തിനുള്ളിൽ നേരിട്ട് നിയമസഭാ സെക്രട്ടേറിയറ്റിനും പകർപ്പുകൾ അക്കൗണ്ടന്റ് ജനറലിനും അയയ്ക്കേണ്ടതാണ്. ഭരണവകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 2013-14 മുതൽ 2016-17 വരെയുള്ള കാലയളവിലെ 22 ഖണ്ഡികകൾക്കു മേൽ എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത 11 വകുപ്പുകളുടെ 2018 സെപ്റ്റംബർ വരെയുള്ള വിശദവിവരം **അനുബന്ധം 1.2**-ൽ കൊടുത്തിരിക്കുന്നു.

### 1.7.4. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുള്ള ഖണ്ഡികകൾ

2018 സെപ്റ്റംബർ 30 വരെ 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിലെ 17 വകുപ്പുകളുടെ 41 ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുണ്ട് (**അനുബന്ധം 1.3**).